

ശലഭങ്ങൾ
ST. PHILOMENA'S GIRLS HIGH SCHOOL
POONTHURA THIRUVANTHAPURAM - 695 026

# ആശംസ



സർഗാത്മകത ദൈവികമാണ്. അതിന്റെ പ്രകാശരേണുക്കൾ സ്പർശിക്കുന്നവരിൽ ക്രിയാത്മകതയുടെ പച്ചപ്പ് വിടരുന്നു. ഭാഷ ഏതുമാകട്ടെ അക്ഷരങ്ങളുടെ വിസ്മയഭാവങ്ങൾ എക്കാലവും , ഏവരേയും ആകർഷിക്കുന്നു.

ശലഭങ്ങൾ ഏടുകൾ വിടരുമ്പോൾ അവിടെ ദൃശ്യമാകുന്ന കുരുന്നുകളുടെ സൃഷ്ട്ടിവൈഭവം ഏറെ പ്രശംസനിയം തന്നെയാണ് ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ച അദ്ധ്യാപകർ പകർന്നു നൽകിയ നേതൃത്വപാടവവും,സംഘടനാമികവും, കുട്ടികളുടെ അശ്രാന്ത പരിശ്രമവും, സഹകരണമനസ്ഥിതിയും ഈ ഡിജിറ്റൽ മാഗസിനെ വർണ്ണാഭയുള്ളതാക്കി മാറ്റി.അഭിനന്ദനങ്ങളും, ആശംസകളും ഏറെ ഹൃദ്യമായി നേരുന്നു.

പ്രിൻസിപ്പൽ

# BEHIND THE SCENES

Publisher
Sr.Siji.V.T
Headmistress St.Philomena's GHS Poonthura

Editorial Team
Ahsana Banu.S
Rajiya.R
Sana Fathima
Harya Nazrin.H

General Assistance
Meena Joseph
Shareena .E.T

Printing
Shaina mol.J
Alifathima.S
Fathima Farhana.S.A
Harya Nazrin
Rania
Aaliya.S
Sana Fathima.J
Asiya.R
Mariyam.S
Fasila Nasrin.S
Shainamol.J
Rasniya.S
Fathima Lubaba
Ahsana Banu.S
Arafana.J
Rajiya R
Aysha B
Aisha F
Shifa Hussain

# ഉൾപ്പേജുകളിലൂടെ........

06..വാർഷിക റിപ്പോർട്ട് 202021

14..Happy Teacher's Day

15..Nature

16..My Dears

17..School Life

18..Kindness

19..The Fox And The Lion

20..My Cat

21..The True Friend

22..Space Travel

23..The Wolf and The Lamp

24..Importance of Nature Speech 10 Lines

25..Nature

26..School Life

27..Life

28..Real Friends

29..The Cows and The Lions

# ഉൾപ്പേജുകളിലൂടെ........


30..രചനകളിലൂടെ

33..ജീവൽസ്പന്ദനങ്ങൾ

34..സൗഹൃദം

35..വാർമഴവില്ലേ...

36..സ്വാതന്ത്ര്യം

37..വർണന

38..ആഗസ്റ്റ് 15 ജന്മദിനം

40..പഴയ ഓർമകൾ

41..ബുദ്ധനും ആട്ടിൻക്കുട്ടിയും

42..എന്റെ വിദ്യാലയം

43..അബദ്ധം

44..കവിത

45..ഭൂമി

46..സുന്ദരിയായ കാക്ക

47..അമ്മ

49..Thank You

# വാർഷിക റിപ്പോർട്ട്

# 2020-21

കൊറോണ എന്ന മഹാമാരി വിതച്ച പ്രതിസന്ധികൾക്കിടയിലും അതിജീവനത്തിന്റെ പാതയിലൂടെ മുന്നേറുന്ന പൂന്തുറ സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിന്റെ വാർഷിക ദിനാചരണത്തിന് സാക്ഷ്യം വഹിക്കുന്ന ഈ സുദിനത്തിൽ വിശിഷ്ടാതിഥികൾക്കും മാന്യസദസ്സിനും വന്ദനം. ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട 2020-21 അധ്യയന വർഷത്തിൽ പ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളുമായി നൂതനസാങ്കേതിക വിദ്യകളുടെ അപാരസാധ്യതകൾ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് കൊണ്ട് സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ ജൈത്ര യാത്ര തുടരുന്നു. വെല്ലുവിളികൾ നിറഞ്ഞ ഈ അധ്യായനവർഷത്തിൽ നടന്ന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം മാന്യസദസ്സിന് മുന്നിൽ അവതരിപ്പിക്കട്ടെ.

## പ്രവേശനോത്സവം

ഗുരുമുഖത്തു നിന്ന് നേരിട്ട് വിദ്യ അഭ്യസിച്ചിരുന്ന സംസ്കാരത്തിൽ നിന്നും സാർവ്വത്രിക ഓൺലൈൻ ശൈലിയിലേക്ക് മാറ്റപ്പെട്ട ഈ അധ്യായനവർഷത്തിൽ ക്ലാസ്സ്തല വാട്സ് അപ്പ് ഗ്രൂപ്പുകൾ വഴിയാണ് പ്രവേശനോത്സവം നടത്തപ്പെട്ടത്.എല്ലാ അധ്യാപകരും തങ്ങളുടെ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വാട്സ് അപ്പ് ഗ്രൂപ്പുകൾ

നിർമ്മിക്കുകയും അതിലൂടെ തങ്ങളുടെ കുട്ടികൾക്കായുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്ത് വരുന്നു.

## ദിനാചരണങ്ങളും ആഘോഷങ്ങളും

### പരിസ്ഥിതി ദിനം

പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിനും. മഹാമാരി കാലഘട്ടത്തിൽ പുതിയ ശീലങ്ങൾ സ്വായത്തമാക്കാനും. അതിജീവനത്തിനും കുട്ടികളെ പ്രാപ്തരാക്കാനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഇത്തവണത്തെ പരിസ്ഥിതി ദിനം ആഘോഷിച്ചത്. ക്ലാസ്സ് ഗ്രൂപ്പുകളിൽ അധ്യാപകർ നൽകിയ മാർഗനിർദ്ദേശമനുസരിച്ച് എല്ലാ കുട്ടികളും തങ്ങളുടെ വീട്ടുവളപ്പിൽ വൃക്ഷത്തൈകൾ നടുകയും അതിന്റെ ചിത്രവും റിപ്പോർട്ടും ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കുകയും ചെയ്തു.

### സ്വാതന്ത്ര്യദിനം

സ്വാതന്ത്രദിനാഘോഷത്തിന്റെ ഭാഗമായി ഹെഡ്മിസ്ട്രസ് സിസ്റ്റർ സിജി സ്കൂൾ അങ്കണത്തിൽ പതാക ഉയർത്തി എസ്.പി.സി കേഡറ്റുകളും അധ്യാപകരും സന്നിഹിതരായിരുന്നു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അന്നേ ദിവസം ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളും റ്റി.വി യിൽ കാണാനും കുട്ടികൾ ദേശീയ പതാകയുടെ മാതൃകയുമായി നിൽക്കുന്ന ഫോട്ടോ അയച്ചു തരാനും ആവശ്യപ്പെട്ടു. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ഓൺലൈൻ ക്വിസ്സിൽ കുട്ടികൾ പങ്കെടുക്കുകയുണ്ടായി.

## അധ്യാപക ദിനം

അധ്യാപനം എന്നത് ദൈവീകവും നിസ്വാർത്ഥവുമാണ്. കൊറോണ മഹാമാരിക്കിടയിലും കുട്ടികൾ തങ്ങളുടെ അധ്യാപകരോടുള്ള സ്നേഹം നിസ്വാർത്ഥമായി വെളിപ്പെടുത്തി. തങ്ങൾ തയ്യാറാക്കിയ ആശംസാകാർഡുകൾ ക്ലാസ്സ് ഗ്രൂപ്പുകളിൽ അധ്യാപകർക്കായി കുട്ടികൾ പങ്കുവെച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സിജിയുടെ നേതൃത്വത്തിൽ വിവിധ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് അധ്യാപകർക്ക് ആശംസകൾ നേർന്ന് കൊണ്ടുള്ള ഓൺലൈൻ പ്രോഗ്രാം നടത്തപ്പെടുകയുണ്ടായി.

## ഓണാഘോഷം

ഓൺലൈൻ മാധ്യമങ്ങളുടെ സഹായത്തോടെ ഇത്തവണത്തെ ഓണാഘോഷവും സമുചിതമായി നടത്തപ്പെട്ടു. കുട്ടികൾക്കായി വിവിധങ്ങളായ മത്സരങ്ങൾ സംഘടിപ്പിച്ചു.

## ഗാന്ധിജയന്തി

ഗാന്ധിജയന്തിയോടനുബന്ധിച്ച് ഗാന്ധി പതിപ്പ്, ക്വിസ്സ്, പ്രസംഗം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുകയും അവർ തയ്യാറാക്കിയവയുടെ ഫോട്ടോസ് അയച്ചു തരുകയും ചെയ്തു.

## അക്കാദമികം

ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം പരമാവധി ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി നമ്മുടെ സ്കൂളിൽ നടപ്പാക്കി വരുന്നു.

പരിമിതമായ സാഹചര്യത്തിലും നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ പഠനപുരോഗതി ഓൺലൈൻ മുഖേന ഉറപ്പു വരുത്താൻ ഓരോ അധ്യാപകരും കഠിനാധ്വാനം ചെയ്തു വരുന്നു.പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേക പഠനപ്രവർത്തന മാർഗങ്ങൾ നടപ്പിലാക്കി വരുന്നു.കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടുതന്നെ പത്താം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകിവരുന്നു. സ്കൂളിൽ നടത്തിവരുന്ന എല്ലാ പ്രവർത്തനങ്ങൾക്കും രക്ഷകർത്താക്കളും, പി.റ്റി.എയും നൽകി വരുന്ന നിർലോഭമായ പിന്തുണ ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ആഗമനകാല വിചിന്തന വീഡിയോ ഗ്രൂപ്പിൽ കൾക്കായി അയച്ചുനൽകുകയും ചെയ്തു . ലോകം നേരിടുന്ന ,കടന്നുപോകുന്ന അതിഭീകരമായ രോഗാവസ്ഥയിലും ദൈവത്തിന്റെ കരുണയും സ്നേഹവും കരുതലും സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിലെ കെ.സിഎസ്.എൽ കുടുംബം ക്രിസ്ത്യാനുഭവങ്ങളിൽ ജീവിച്ച് ഈ നോമ്പ് കാലം ആത്മീയ ഉണർവോടെ പരസ്പരം നന്മ ചെയ്തു സന്തോഷത്തോടെ ജീവിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

കുട്ടികൾക്ക് Information technology യിൽ ഉള്ള താത്പര്യവും കഴിവും വർധിപ്പിക്കുന്നതിനായി കേരളസർക്കാർ ഏർപ്പെടുത്തിയ കുട്ടികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിലും പ്രവർത്തിച്ചു വരുന്നു. 2021അധ്യായന വർഷം കുട്ടികൾക്ക് ഓൺലൈനായി IT മേഖലയിൽ പരിശീലനം നൽകിവരുന്നു. വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ കുട്ടികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാധിച്ചു. 2021 SSLC ബാച്ചിലെ 40 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും A grade കരസ്ഥമാക്കി grace mark ന് അർഹരായി.

കൊറോണ മഹാമാരിയിൽ പകച്ച് നിന്ന സമൂഹത്തിന് ഒരു കൈത്താങ്ങാകുന്നതിന് ഈ സ്കൂളിലെ അധ്യാപകർ സമാഹരിച്ച 45000 രൂപയും school managementന്റെ സംഭാവനയായ 45000 രൂപയും ചേർത്ത് പൂന്തുറ ഇടവക വഴി 50 ചാക്ക് അരി നൽകാൻ സാധിച്ചു.

Onlineclass-കൾ കാണുന്നതിനായി 9ാം ക്ലാസ്സിലെ ഒരു കുട്ടിക്ക് ഒരു TV നൽകാൻ സാധിച്ചു .

ക്രിസ്തുമസ് ആഘോഷങ്ങളിൽ മാത്രം ഒതുക്കാതെ മറ്റുള്ളവരെ സഹായിക്കാൻ കൂടിയുള്ളതാണ് . ക്രിസ്തുമസിനോടനുബന്ധിച്ച് സമാഹരിച്ച തുക നമ്മുടെ സ്കൂളിലെ പൂർവ വിദ്യാർത്ഥിനിയും ഇപ്പോൾ നമ്മുടെ schoolൽ പഠിക്കുന്ന ഒരു കുട്ടിയുടെ അമ്മയുമായ ഒരു ക്യൻസർ രോഗിക്ക് 25000 രൂപ ചികിത്സാസഹായവും മറ്റൊരു കുടുംബത്തിന് 10000രൂപ ധന സഹായവും നൽകാനായത് ചാരിതാർത്ഥ്യത്തോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

നവ മാധ്യമങ്ങളുടെ സ്വാധീനം നമ്മുടെ നിത്യജീവിതത്തിൽ പുതിയ അധ്യായങ്ങളായി കടന്നുവന്നിരിക്കുകയാണല്ലോ! വിവര സാങ്കേതിക വിദ്യയുടെ നൂതന വളർച്ച വിദ്യാഭ്യാസ മേഖലയെ ആകമാനം വളർത്തുകയുണ്ടായി. അതുകൊണ്ട് തന്നെ നമ്മുടെ വിദ്യാലയവും ഈ സംരംഭത്തോട് ചേർന്ന പഠനവും പാഠ്യേതര വിഷയങ്ങളും ഹൈടെക് രീതിയിൽ മാറുകയുണ്ടായി

അവധിക്കാലത്ത് കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്തുവാനായി ഡിജിറ്റൽ അക്ഷരവൃക്ഷം ചെയ്തു.ആ പ്രവർത്തനം സംസ്ഥാനതല KITE ന്റെ പ്രത്യേക പരാമർശത്തിനും പ്രശംസക്കും കാരണമായി. കുടാതെ ഇവിടെ നിന്നും കടന്നുപോയ പ്രധാനധ്യപികമാർ വിരമിച്ച അധ്യപകർ എന്നിവരുടെ ചിത്രങ്ങളടങ്ങിയ ആൽബം ഡിജിറ്റൽ രുപത്തിലാക്കിയത് പുതിയ അനുഭവം ആയിരുന്നു. ഓണം ശിശുദിനം ക്രിസ്തുമസ് പരിപാടികളും ടീച്ചേഴ്സ് ഡേ സ്കൂൾ ഫെസ്റ്റ് എന്നിവയും സ്കൂൾ യൂട്യൂബ് ചാനലിലേക്ക് മാറ്റിയത്, മാറ്റത്തിന്റെ പുതിയ അനുഭവമായി വിക്ടേഴ്സ് ചാനൽ വഴി നടത്തി വരുന്ന ക്ലാസ്സുകളിൽ ഈ വിദ്യാലയത്തിലെ പ്രീത ടീച്ചർ ഫിസിക്സ് ക്ലാസ് എടുക്കുന്നത് വിദ്യാലയ ചരിത്രത്തിൽ വേറൊരു പൊൻതൂവൽ കൂടിയാണ്. ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമന്റെ

ആഭിമുഖ്യത്തിൽ ശാസ്ത്രത്തിന്റെ നൂതനാശയങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ സംസ്ഥാനതല മത്സരത്തിൽ ഈ സ്കൂളിലെ 9ാം ക്ലാസ് വിദ്യാർത്ഥിനി വിനിറ്റ.ണട,2ാം സമ്മാനവും ക്യാഷ് അവാർഡും നേടി. മേൽപരാമർശിച്ചവർക്ക് പ്രത്യേകമായി ഈ ദിവസം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ആർഷഭാരതത്തിന്റെ പൈതൃകമായ യോഗയിലൂടെ Asian&Indian Book of Record കരസ്ഥമാക്കിയ 5ാം ക്ലാസ് വിദ്യാർത്ഥിനിയായ തേജസ്വനിയെ ഈ അവസരത്തിൽ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

പഠനം സജ്ജീവമായി ക്ലാസ് മുറികളിൽ നടക്കാതിരുന്നപ്പോഴും പരിമിതമായി സാഹചര്യങ്ങളിൽ സാമ്പത്തിക പിന്നോക്ക അവസ്ഥയിലായിരിക്കുന്ന കുട്ടികൾ നേടിയെടുത്ത വിജയം വലിയ വിജയം തന്നെയാണ്. ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. അവരെ ഇതിനായി ഒരുക്കിയ അധ്യാപകർക്കും മാതാപിതാക്കൾക്കും ഒത്തിരി സ്നേഹത്തോടെ കടപ്പാട് അറിയിക്കുന്നു.

ദീർഘനാളത്തെ സേവനത്തിനുശേഷം ഇവിടെ നിന്നും ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്ന ഇവിടുത്തെ ചരിത്ര അധ്യാപികയായ സൂസി ആനി ടീച്ചറിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ടീച്ചറിന്റെ പ്രവർത്തനം വാക്കുകൾക്കതീതമാണ്. ഇനിയുള്ള വിശ്രമ ജീവിതം ഐശ്വര്യം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു

## ജൂനിയർ റെഡ്ക്രോസ്

ആതുരശുശ്രൂഷ, ആരോഗ്യംഅഭിവൃദ്ധിപ്പെടുത്തുക, നിയമങ്ങൾ അനുസരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ജെ.ആർ.സി. സ്കൂളുകളിൽ പ്രവർത്തനങ്ങൾക്കായി ജെ.ആർ.സി. അംഗങ്ങളായ കുട്ടികളെയും ചുമതലയുള്ള അധ്യാപകരെയും

ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങി ഓൺലൈൻ മീറ്റിംങ്ങുകൾ സംഘടിപ്പിച്ച് എട്ടാം ക്ലാസിലെ കുട്ടികൾക്കുള്ള പുതിയ യൂണിറ്റ് രൂപീകരിച്ചു.ഈ വർഷത്തെ ജെ.ആർ.സി യുടെ പ്രവർത്തനം കുട്ടികളും, കൗൺസിലേഴ്സും കൂട്ടായി നടത്തിയ മാസ്ക് നിർമ്മാണമാണ്.

നമ്മുടെ സ്കൂളിൽ നിന്ന് ഏകദേശം 200 മാസ്കുകളോളം നിർമ്മിച്ച് സബ് ജില്ലാ കോർഡിനേറ്ററിനെ ഏൽപ്പിക്കുകയുണ്ടായി.

പത്താംക്ലാസിലെ കുട്ടികൾക്കായി ഓൺലൈൻ സെമിനാറും നടത്തി.

## നന്ദിയുടെ ഒരു വാക്ക്

ദൈവകൃപയുടെയും, കരുണയുടെയും വർഷം ആണ് കടന്നുപ്പോയത്.ലോകം മുഴുവൻ ഭീതിയോടെ നിന്നപ്പോഴും നമ്മെ കാത്തു പാലിച്ച പൊന്നുതമ്പുരാന് അകൈതവമായ നന്ദി അർപ്പിക്കുന്നു. ഈ വിദ്യാലയ മന്ദിരം ജീവനും ജീവസ്സുള്ളതും ആക്കി മാറ്റിക്കൊണ്ടിരിക്കുന്ന എല്ലാ സുമനസ്സുകളെയും ഓർക്കുന്നു. ഇവിടത്തെ ആത്മീയവും, ഭൗതികവുമായ സാഹചര്യങ്ങളും സുഖമുള്ളതാക്കാൻ അനുദിനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രിയ ബഹുമാനപ്പെട്ട മദർ മാനേജർ സിസ്റ്റർ അനിവാര്യ മാറ്റം കനോഷ്യൻ കുടുംബാംഗങ്ങൾ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിലും, തളരാതെ, പതറാതെ ഞങ്ങളെ ഹൃദയത്തോട് ചേർത്തു നിർത്തി മുന്നോട്ട് കൊണ്ട് പോകുന്ന ഞങ്ങളുടെ കുറവുകളിലെ നിറവുകളെ

കണ്ടെത്തുന്ന ഈ സ്കൂളിന്റെ സാരതിയായ സിസ്റ്റർ സിജിയെ സ്നേഹത്തോടെ, അതിലേറെ നന്ദിയോടെ ഓർക്കുന്നു.

സ്കൂളിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന പി.റ്റി.എ, എം. പി.റ്റി.എ, അംഗങ്ങളോട് നിസീമമായ നന്ദി അറിയിക്കുന്നു. ഒപ്പം ഇവിടത്തെ നട്ടെല്ലായ അധ്യാപക സുഹൃത്തുക്കളെയും പ്രിയ വിദ്യാർത്ഥികളെയും സ്നേഹത്തോടെ ഓർക്കുന്നു.

ഈ വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനായി അക്ഷീണം പ്രയത്നിച്ച മുൻ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജിജി അലക്സാണ്ടറിനെയും മുൻ മാനേജർ സിസ്റ്റർ ആലിസ് ജേക്കബിനെയും നന്ദിയോടും സ്നേഹത്തോടും ഓർക്കുകയും പ്രർത്ഥനാ നിർഭരവും, ഐശ്വര്യവും നിറഞ്ഞതുമായ നാളുകൾ ആശംസിക്കുകയും ചെയ്യുന്നു. നാളിതുവരെ ഈ അക്ഷര ക്ഷേത്രത്തിനായി അക്ഷീണം പ്രയത്നിച്ചവരേയും നല്ല നടത്തിപ്പിനായി ഊർജ്ജം പകർന്നവരെയും പ്രർത്ഥനകളിലൂടെ നമ്മോടൊപ്പം ആയിരുന്നവരെയും എല്ലാ അഭ്യുദയകാംഷികളെയും സർവ്വോപരി സ്വർഗത്തിൽ ഞങ്ങൾക്കായി മാധ്യസ്ഥം വഹിക്കുന്ന സെന്റ്. മാഗ്ദലിനും സെന്റ്. ബക്കീത്തക്കും ഇതുവരെ കൈപിടിച്ചു നടത്തിയ സർവ്വേശ്വരനും നന്ദി അർപ്പിച്ച് 2021 അധ്യയന വർഷത്തെ വാർഷിക റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

# HAPPY TEACHER'S DAY



The way you teach...
The knowledge you share..
The care you take..
The love you shower.
Makes you..
The world's best teacher...



# NATURE

DON'T POLLUTE IT

BUT SALUTE IT

NATURE GIVES IS EVERYTHING WE NEED

NATURE GIVES US FRUITS, WOODS AND SEED

NATURE GIVES US FRESH OXYGEN

AND NATURES SAVE OUR LIFES

IF THERE WERE NO TREES

WE WOULDN'T HAVE LIVED

BIRDS,SQUIRRELS,ANIMALS ETC..

LIVE IN THE TREES

WHICH IS THEIR HOME

WE HAVE TO PRESERVE IT

AND DON'T DESTROY IT

# MY DEARS

My parents are my GEMS.I love my parents,because they love me a lot. I want to complete their wish.Their smile will full my heart .Parents are my good friend.My father treat me with care and protect.Mother treat me with love.Their my world. I want to keep their smile.They gave birth to me and they loves,care,protect me first.May God bless my parents

I LOVE MY PARENTS SO MUCH..........

By

ASIYA.R

9.C

# SCHOOL LIFE

School life is the best moment in my life. I can remember the moments. These moments will take me back to the past, the I enjoyed with my friends and we shared our foods we played together, we learnt together. We enjoyed our school life a lot. We loved our teachers so much. I need my friends who always stayed with me and supported me in every work, when I tell my friends you are my best friends they smile and reply me you are my best friend also. I thank God forgiving good friends. I am so happy with them. I like them because they are my best friends.

SAHA SYED.S

7B

# KINDNESS

*One day when i was in my room.I heard some noise from the balcony.I decided to see what it was and i was A big cat attacking the small cat.I scared the big cat away and i saw it was an orange small cat.It was very frigthened so.I decided to help the small kitten but when i came close to her. She ran away and hide under the car i thought that i was scared of me so i put some food and milk under the car for the cat to eat and i saw the cat eating the food and drinking the milk. One day i saw the cat continuosly crying. I went to check what it was and i saw that the cat was badly hurt. I carefully cleaned the wound and put bandage. She looked happy and whenever i came to her she would play with we and i was happy with her.*

# THE FOX AND THE LION

Once upon a time a fox lived in a forest. He had never seen a lion. One day he met one, and was so terrified at the sight of him that he was about to die with fear. After a while he met him again, and was still rather frightened. But not nearly so much as he had been when he met him. First but when he saw him for the third time he was so far from being afraid that he went up to him and began to talk to him as if he had known him all his life. Soon they became great friends.

MORAL: FAMILIARITY BREEDS CONTEMPT

BISIRIYA SHANAVAS

7B

# MY CAT



I have a georgeous cat

Its tail is fluffy and soft

It always lies down on the sofa

And sits like a queen

She has attractive blue eyes and white fluffy hair

She plays with me and follows me everywhere

Her reactions and expressions always

Makes me laugh

She has a sweet smile on her

When she is sleeping

Everywhere I go with her

People adore her

I want her to be happy

she lives in her dreams

SREYA V H

7B

# THE TRUE FRIEND



Once there were two friends a squirrel and a puppy. They used to live and play together. The squirrel was very sporty and always won the game. The puppy used to feel bad and thought that it was of no use

One day, it started raining heavily the squirrel was in high spirits. He started doing antics but suddenly, lost his balance and fell in the rain water. He called his friend, the puppy for help. The puppy came to his rescue. The squirrel climbed on its back and reached a safe place. He thanked his friend for saving his life.

MORAL:-Always have confidence in yourself. Everyone is unique in his own way.

SAHA SYED.S

7B

# SPACE TRAVEL



Space travel is a scientific adventure. It enables people to know more than normal. Space travel is a study of space and universe. There are lots of things in the universe that are do not know. The astronauts travel to space and give us information about it. We read in the geography books about space travel. We only know the Sun and Moon, because we can see them in the sky.

But there are planet ,stars ,constellations and galaxies in the universe. Space travelling helps people to learn about them. Today the world has many projects that go to space and

Bring knowledge of unknown and unseen details of the universe.

SAHA SYED .S 7

# THE WOLF AND THE LAMP



One day, A lamp was eating sweet grass away from her flock of sheep. She didn't notice a wolf walking nearer pleading,

"please, don't eat me. My stomach is full of grass. You can wait a while to make my meat taste much better. The grass in my stomach will be digested quickly if you let me dance." The wolf agreed.

While the lamp was dancing, she had a new idea. She said,

"I can dance faster if you take my bell and ring it so hard."

The wolf took the bell and ring started to ring so hard. The shepherd heard the sound and ran quickly to save the lamb's life.

KRITHIKA. R S

7B

# IMPORTANCE OF NATURE SPEECH 10 LINES



1. Nature is like our mother.

2.Nature is one of the essentialand most precious  gift by god.

3.The nature is very beautiful and covered with green colour.

4.Nature gives us fruits,vegetables,water and fresh air.

5.We should care our nature to keep the balance ofour ecosystem.

6.Trees,plants and forests are the vital parts of nature which provide oxygen.

7.Nature is also a major source of ayurvedic medicines.

8.Man-Made activities hasaffected in the degradation of Mother nature.

9.Nature is included with renewable and non- renewable energy source.

10.We must keep our nature healthy and      peaceful.

Saha syed.s 7B

# Nature

Nature is the best gift for us.Nature provides us trees,soil,air, and water .The trees provides us fruits,oxygen to breath and wood etc.Nature provides us things we need for our life water is used for drinking and bathing.But we destroy nature by cutting down trees,polluting the water and oxygen and because of this reason nature get polluted .The overuse  of chemical fertilizes and chemical pesticides the smoke from vehicles and factories pollutes the air.The reason the water is polluted is because we throw plastics and wastes every day in the river , pond and dams. The nature does everything for us.But we only use it for our own benefit.Natures  provides eveything for the river of birds , humans,squirrels,snakes,birds etc.The chemicals from the factories pollutes the river,soil etc.It's all thanks to nature that we live on the earth.If it weren't for trees, soil,water etc.We won't have lived so that's why for the lives of many peoples we should plant many trees and plant's in our garden,houses etc.That's why if we need thing's we should plant more sapling and plants.We don't have the rights to destroy nature

# SCHOOL LIFE

I love my school life.I have a group of friends.In the school my favourite subject is Hindi and English.I go to school to study, behave well and make friends . My friends always comfort me when i am sad.Our school time is 9:00 clock and we have to reach before it.I always gets to school by school bus at 8:30 am.A school is the best gift for students.They learn everything from school's.School's give us the best education.We play together with our friends in school.There are many fun activities in school like Music, Art, Work Education, etc...We study about interesting and curious facts things we don't know for our life are learnt from school's.According to the law all children and students have the right to learn from school's.I school's we study, we learn, we play, and we enjoy.Teacher's, Staff member's and Sisters helps in our education.

BY

SREYA.V.H

7: B

# LIFE

Life is very valuable gift which is given by God to us and we must thankful to him for giving such a precious gift. Life is not only valuable for the human, but it is also equally valuable for other living beings also. We must always appreciate the God things happening in our life. There is a tendency that people always criticize the things which are going around them day and night.

Nowadays, it is seen that people are getting included in bad habits which is ultimately going to destroy their life. People must observe that fact there is a positive, beautiful and colourful side of life also which must be adopted. We must do something good very often so that we must receive blessing and good wishes from our elders and friends.

SAHA SYED.S

7B

# REAL FRIENDS

Once upon a time, there was a man who lived in a old house. He is a kind man and a sad thing is he is an orphan. One day he was walking alone in a village street. He saw a bench on the side of a street light, he walk slowly and sat on the bench calmly. He was so hungry. He have no money to buy food. No one has given a job for him because of his orphan situation. Suddenly he felt very tired and he fell asleep on the bench.



In that time a kid was walking on the street with his parents. The kid saw the man who was sleeping on the bench. He went to the man and woke him up. The man told everything to the kid. The kid understood his sad situation. After a few moments later they became friends. The kid also know the man was hungry. So the kid told the parents to buy some food. After they brought the food the kid gave the food to the hungry man. Within some minutes they became ‘best friends forever; after that day the kid met the man in the same bench which they met first they became so happy. Their love and friendship continued until they die

THE END……………………….

# THE COWS AND THE LIONS



**Five cows lived in a little forest .They ate fresh grass in a large green meadow.**

**They were kind friends.They decided to do**

**every together so the lions**

**could'nt attack them for food.**

**One day,the five cows fought and each**


**one started to eat grass in a different place.The lion decided to seize the oppurtunity**

**and killed them one by one**

MORAL :- UNITY IS STREGNTH

by
krithika .R.S
VII B

# രചനകളിലൂടെ..







മിൻഹ ഫാത്തിമ
**VI.E**

കൃതിക
**VII.B**





നിഷാന നവാസ്
**VII.B**




സഫ്ന മോൾ

**VI.C**




നഷ്മ നിയാസ്




കൃതിക ആർ .എസ്

**VII.B**



ആയിഷ ഫാത്തിമ




സഫ്ന ഫാത്തിമ എൻ .എസ്

**VI.C**



ഫാസില നസ്റിൻ

**IX.C**



ജെസ്ന ആർ

**VII.B**



ഫാസില നസ്റിൻ

**IX.C**





## ജീവൽസ്പന്ദങ്ങൾ

എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്
എന്റെ നിത്യനിദാനമാം സ്നേഹമേ,
നെഞ്ചിൽ നിർവീഴ്ച ഞെക്കി ഞെരുക്കവേ
നെല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാടു പൊത്തിപ്പോതിഞ്ഞിടും
പഞ്ഞിയായ് നേർത്ത ശീലമായ് ചിന്തലമായ്
എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്
എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്.
എന്റെ നിത്യനിദാനമാം സ്നേഹമേ

**By**
**Krithika .R.S**

# സൗഹൃദം



അന്നതാ വന്നെൻ വിദ്യാലയത്തിലൊരൈശ്വര്യം പോലെൻ
കണ്ണിമയിൽ അറിഞ്ഞില്ല ഞാന
റിഞ്ഞുമില്ല ചവുട്ടി താഴ്ത്തുന്നതാണു തൻ
ലക്ഷ്യമെന്നും അറിയാതെ ചെന്നവൾ ചതിക്കുഴിയിൽ
പെട്ടനേരം തൂമഞ്ഞിൻ നിറമ്മുള്ള സ്വർണത്തിന
ഴകുള്ളൊരു മാലാഖയെ ഞാൻ കണ്ടതൊർഷാൻ
പണ്ടിവൾക്കൊപ്പം കളിച്ചതാണ് പണ്ടിവൾക്കൊപ്പം
നടന്നതാണ് ഒന്നും മഴവില്ലുമായുപൊൽ മായില്ല
ചിത്തം കണ്ണീരിൻ പുഴയുമായി ഞാനടുതെത്തി
ഉണങ്ങിയ ചുണ്ടുമായി ഞാനുരചെയ്തു
നിയെൻ അടുക്കലില്ലതിരൊന്നര നേരം സ്നേഹമെന്ത
ന്നു ഞാൻ മറന്നു എൻക്കാലിടറി എൻ തോൾ
അടർന്നു ഞാനൊട്ടാകെ വീഴുന്നരാ മറുപടി
നിന്നെ എനിക്കറിയില്ല സുഹൃത്തെ

# വാർമഴവില്ലേ...



വാർമഴവില്ലേ, വന്നാലും
വാനിൻ മടിയിലിരുന്നാലും
കൺകുളിരുന്നു കാണുമ്പോൾ
കരൾനോവുന്നു മായുമ്പോൾ
ആരു നിനക്കീ നിറമേകീ ?
ആരു നിനക്കീ നില നൽകീ?
എന്നെക്കൂടി വിളിക്കാമോ?
നിന്നുടെയരികെയിരുത്താമോ?
താഴത്തേക്കു വരുന്നില്ലേ?
തന്നെയിരുന്നാൽ മഷിയില്ലേ?
ആരു നിനക്കൊരു കഥ പറയാൻ?
ആരുണ്ടവിടെയൊരുമ്മ തരാൻ?
വന്നു കളിപ്പാൻ കൊതി തോന്നും
നിന്നുടെക്കൂടെയിവനെന്നും വാർമഴവില്ലെ
മായല്ലേ! അഴകിൻ തെല്ലേ പോകല്ലേ.

# സ്വാതന്ത്ര്യം

വാനത്ത് പാറിപ്പറന്നിരുന്ന
വാനമ്പാടിയെ കണ്ടോ
വലിയോരു മാളികയിലെ
വരാന്തയിൽ കൂട്ടിൽ,
തന്റെ മക്കളെുമോർത്ത്
കരയുകയാണവൾ,
ആരറിയുന്നത്,
ആർക്കാണ് അറിയുവാൻ സമയം
അവൾക്കുമുണ്ടോരു സ്വപ്നം.
എത്ര നല്ല കൂടുകൾ
നൽകിയാലും,
എത്ര നല്ല ഭക്ഷണം
നൽകിയാലും
മായില്ലതിന്റെ സ്വപ്നം
ഉണ്ടാ വുമതിനുമത്രമേൽ
ഓർമകൾ
എല്ലാം നഷ്ടസ്വപ്നങ്ങൾ മാത്രമായി
അതിനുമില്ലേ ഒരു മനസ്സ്
പിന്നെന്തിനു നാം ഈ ചതി ചെയ്യണം
സ്വതന്ത്രയായി പാറി പറക്കട്ടെയവൾ
അതു കാണാനുമില്ലേ ഒരു സുഖം.

HASNA YOONUS 7B

# വർണന

നമ്മളുടെ മനോഹരമായ പ്രകൃതിക്കുമുണ്ട് ചെടി പോലും പ്രകൃതിയുടെ വരദാനങ്ങളാണ് നമ്മൾ കാണുന്ന മലനിരകൾ,നെൽപ്പാടങ്ങൾ വലിയ വലിയ മരങ്ങൾ,കുഞ്ഞു കുഞ്ഞു ചെടികൾ എല്ലാം.ഇങ്ങനെ ഒരുപാട് വരദാനം ഉണ്ട് പ്രകൃതിക്ക്,മലനിരകൾക്ക് അടുത്തുള്ള നെൽപാടങ്ങൾ എത്ര മനോഹരമാണ് അല്ലേ? മലനിരകൾക്കിടയിലെ സുന്ദരമായ സൂര്യനെ കാണാൻ എന്ത് ഭംഗിയാണ്.രാത്രി ആകാശത്ത് ചന്ദ്രനും മിന്നിതിളിങ്ങുന്ന നക്ഷത്രങ്ങളും എല്ലാം പ്രകൃതിയുടെ വരദാനങ്ങളാണ് പ്രകൃതിയുടെ വരദാനങ്ങളാണ് ഭൂമിയെ കൂടുതല് കൂടുതല് സുന്ദരമാക്കുന്നത്.നമ്മളെ പോലെ തന്നെ പ്രകൃതിക്കുമുണ്ട് ജീവന്.അതുകൊണ്ടല്ലേ കുഞ്ഞായിരുന്ന ചെടികൾ ഒരുപാട് ദിവസം കഴിഞ്ഞ് വലിയ വൃക്ഷങ്ങളാകുന്നത്. നമ്മൾ കഴിക്കുന്നത് പോലെ തന്നെ എല്ലാ ചെടികളും വൃക്ഷങ്ങളും അവർക്ക് ആവശ്യമായ ഭക്ഷണം കഴിക്കുന്നുണ്ട്.അവർ കഴിക്കുന്നത് കൊണ്ടാണ്.അവരും വലുതാകുന്നത്.അവർ കഴിച്ചില്ലെങ്കിൽ അവകൾ വാടി നശിച്ചു പോകും.



# ആഗസ്റ്റ് 15 ജന്മദിനം

ഇന്ത്യക്കാരുടെ പുണ്യദിനം
എന്നും നമ്മുടെ മാനം കാക്കും
അഭിമാനമാണീ രാജ്യം ധീരദേശം
സ്വാന്ത്ര്യമെൻ ജന്മാവകശം
ചൊല്ലി ഓരോ ഭാരതീയരും
ഇതെന്റെ രാജ്യം ഇടനെഞ്ജിൽ സ്ഥാനം
ഇന്ത്യയെന്ന് എന്നിൽ വികാരം
എന്തു കൊടുത്തും നേടുക എന്നത്
എന്നുടെ രാജ്യം എന്നിൽ ചേർക്കാൻ
ആയുസ്സ് മുഴുവൻ തോക്കിനു മുന്നിൽ
കാലം കണ്ണിൽ മായിക്കും കാഴ്ചകൾ
ഒടുവിൽ വിജയം വന്നു നമ്മിൽ
അതിരുകളില്ലാ സ്നേഹം നിറഞ്ഞു
ഇന്ത്യൻ ജനതയെ കൂടെ നയിക്കാൻ
അണിനിരന്നു ഗാന്ധിജി,നെഹ്റു നേതാക്കളും
ധീരദേശാഭിമാനികൾ കാത്തു ഇന്ത്യ
ഗാന്ധിതൻ ആദർശങ്ങൾ നിറഞ്ഞു
സ്വാതന്ത്ര്യത്തിനായി ആർപ്പുവിളിച്ച
നിശ്ചയമാണീ ദൃഢ നിശ്ചയം
എല്ലാ ഭാരതീയരും സഹോദരി സഹോദരങ്ങൾ
നന്മമരങ്ങളായി നമുക്ക് വളരാം
ഇന്ത്യയുടെ ഈ രാജ്യത്തിന് തണലാക്കാം
ആഗസ്റ്റ് 15 ജന്മദിനം
ഇന്ത്യക്കാരുടെ പുണ്യദിനം

എന്നും നമ്മുടെ മാനം കാക്കും
അഭിമാനമാണീ രാജ്യം ധീരദേശം
സ്വാന്ത്രമെൻ ജന്മാവകശം
ചൊല്ലി ഓരോ ഭാരതീയരും
ഇതെന്റെ  രാജ്യം ഇടനെഞ്ജിൽ സ്ഥാനം
ഇന്ത്യയെന്ന് എന്നിൽ വികാരം
എന്തു കൊടുത്തും നേടുക എന്നത്
എന്നുടെ രാജ്യം എന്നിൽ ചേർക്കാൻ
ആയുസ്സ് മുഴുവൻ തോക്കിനു മുന്നിൽ
കാലം കണ്ണിൽ മായിക്കും കാഴ്ചകൾ
ഒടുവിൽ വിജയം വന്നു നമ്മിൽ
അതിരുകളില്ലാ സ്നേഹം നിറഞ്ഞു
ഇന്ത്യൻ ജനതയെ കൂടെ നയിക്കാൻ
അണിനിരന്നു ഗാന്ധിജി,നെഹ്റു നേതാക്കളും
ധീരദേശാഭിമാനികൾ കാത്തു ഇന്ത്യ
ഗാന്ധിതൻ ആദർശങ്ങൾ നിറഞ്ഞു
സ്വാതന്ത്രത്തിനായി ആർപ്പുവിളിച്ച
നിശ്ചയമാണീ ദൃഢ നിശ്ചയം
എല്ലാ ഭാരതീയരും സഹോദരി സഹോദരങ്ങൾ
നന്മമരങ്ങളായി നമുക്ക് വളരാം
ഇന്ത്യയുടെ ഈ രാജ്യത്തിന് തണലാക്കാം

# പഴയ ഓർമകൾ

ഓർമകൾ തിരിച്ചുവന്നതിൽ
മഴയത്തു കളിച്ചിരുന്നതിൽ
എന്റെ കോച്ചുകാലങ്ങളിലുള്ള സന്തോഷവും
എന്റെ കൊച്ചുകാലത്തേയോർമകളും

എന്റെ കുട്ടികാലത്തും സന്തോഷം ദു:ഖവും
സ്കുളിന്റെ അരികത്തും ഒഴുകുന്ന ആറുകളും.
എന്റെ കുട്ടികാലത്ത് നിറയെ സമയമുണ്ടായമിരുന്നു
പക്ഷേ ഞാൻ അത് ചെലവഴിച്ചുകഴിഞ്ഞിരുന്നു.

നിറയെ കുട്ടികൾ എന്നോടൊപ്പം കളിച്ചിരുന്നു
എന്നോടൊപ്പം എന്നെ സന്തോഷിപ്പിച്ചിരുന്നു
ഞാനുമെൻകൂട്ടുകാരും പട്ടം പറത്തി കളിക്കുമായിരുന്നു
പഴയ ഓർമകൾ തെളിഞ്ഞിരുന്നു

തൊന്നുമെന്റ കുട്ടുകാരും മഴയത്ത് ഇറങ്ങി കളിക്കുമായിരുന്നു
അപ്പോൾ ഞാൻ കുസൃതികൾ ചെയ്യുമായിരുന്നു ആറിന്റെ
അരികത്തു പോയി ഇരിക്കുമായിരുന്നു കൂട്ടുകാരോടൊപ്പം

# ബുദ്ധനും ആട്ടിൻക്കുട്ടിയും

ബുദ്ധാ

ഞാനാട്ടിൻക്കുട്ടി

കല്ലോറുകൊണ്ടിട്ടെന്റെ കണ്ണുപോയ്

നിൻ ആൽത്തറകാണുവാനൊട്ടും വയ്യ

പ്രഭാതാരവും എന്നെ തെളിച്ച പുൽപ്പാതയും

ഇടയൻ നഷ്പ്പ്പെട്ട കുഞ്ഞാടാണല്ലോ,യിനി

തുണ നി മാത്രം ബുദ്ധാ

അലിവിനുറവു നി.

കണ്ണിലെ ച്ചോര വീഴും പാതയിൽ നി നിൽക്കുമോ

കണ്ണിനെച്ചുംബിച്ചെന്നെ തോളിലേറ്റുമോ,

നിന്റെ കണ്ണിന്റെ കനിവെല്ലാം കാണുവാൻ കഴിയുമോ?

മുള്ളുകൾ തറക്കുന്നു കാലുകൾ മുടന്തുന്നു

വിണ്ണിലേക്കുയരുന്ന വെഖെരി പോലെ നിന്റെ

പൊന്നുവാഗ്ദാനം വീണ്ടുംകേൾക്കുമേ തഥാഗതാ!

മിണ്ടാത്ത നിൻ വെങ്കല പ്രതിമയെങ്ങാണാവോ

മണ്ട ഞാൻ പൊട്ടിച്ചെന്റെ കുരുതി സമ്മാനിക്കാം

കാരുണ്യമേ കരസ്പർശമോയേൽക്കാതെ

നിൻ പേരുവിളിച്ചും കൊണ്ടെൻ

ച്ചോരക്കണ്ണടയവേപുൽക്കൊടിത്താഴ്വരകൾ

കാതിൻപ്പറഞ്ഞുയെന്നെ കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന

കുട്ടി.

# എന്റെ വിദ്യാലയം




അറിവിൻ നിലാവായി വിദ്യാലയം
സ്നേഹത്തിൻ സാന്ത്വനം അധ്യാപകർ
അക്ഷര പൂമൊട്ടുകളാം വിദ്യാർത്ഥികൾ
കൂട്ടുക്കൂടാൻ കൊച്ചു പൂമ്പാറ്റകൾ
നിനക്കു ചുറ്റും പാറിക്കളിക്കുന്നു
ഇത്തിരി കൊഞ്ചലും ഇത്തിരി
നൊമ്പരവും നിനക്കായി മാറ്റുന്നു വിദ്യാലയം
എന്റെ വിദ്യാലയം, എന്റെ വിദ്യാലയം
എന്റെ ഈ കൊച്ചു വിദ്യാലയം
അറിവ് പകരും എൻ സുന്ദര വിദ്യാലയം
എന്റെ വിദ്യാലയം,എന്റെ വിദ്യാലയം
എന്റെ സുന്ദര വിദ്യാലയം.

# അബദ്ധം

2010...

ആഗസ്റ്റ് 23...

തിങ്കളാഴ്ച നല്ല ദിവസം....

എനിക്ക് മറക്കാനാവാത്ത ദിവസം...

അബദ്ധങ്ങളുടെ ഘോഷയാത്രയായ എന്റെ ജീവിതത്തിൽ ആഗസ്റ്റ് ഇരുപത്തിമൂന്ന് ഞാൻ വലിയ അക്ഷരത്തിൽ തന്നെ കുറിച്ചിട്ടു. എന്റെ മാതാപിതാക്കളുടെ കയ്യിൽ നിന്നും ഞാൻ അഭിമാനപുരസ്സ്ക്കാരം ആ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. എന്നിലെ ഞാനെന്ന വളർച്ചയിൽ അഭിമാനം കൊണ്ട് ആ നിമിഷം ഞാനിവിടെ ഒരിക്കൽ കൂടി ഒർക്കുന്നതോടൊപ്പം നിങ്ങൾക്കായി പങ്കുവെക്കുന്നു.

ആരോടും പറയാതെ ആരും അറിയാതെ മനസ്സിനകത്ത് രണ്ടര വർഷത്തോളമായി സൂക്ഷിച്ചു വെച്ച ആ നാമം... എന്നിലെ ഉത്തരവാദിത്തങ്ങൾ ഉയർത്തിയ ആ നാമം... അതാണ് നിന...!

അന്ന് കോളേജ് കഴിഞ്ഞ് വരും വഴി ഞാൻ ഉപ്പയുടെ ഓഫീസിനുമുന്നിൽ ബൈക്ക് നിർത്തി ഓഫീസിലെക്ക് കയറിച്ചെന്നു. ആ സമയം എന്നെ ക്രോസ് ചെയ്തു ഒരു പെൺക്കുട്ടി ഓഫീസിൽ നിന്നും പുറത്തേക്ക് പോയി... ആ അപരിചിത മുഖം ണ്ടപ്പോൾ ഞാൻ ഉപ്പയോട് തന്നെ ചോദിച്ചു. ഉപ്പാ..... ഏതാ ആ കുട്ടി.....? എന്നിലെ നിഷ്കളങ്കതയേക്കാൾ ഉയർന്നു നിൽക്കുന്ന പ്രായത്തിന്റെ പ്രസരിപ്പ് മനസ്സിലാക്കിയാവാം ഉപ്പ പറഞ്ഞു......

# കവിത

തിങ്കളും താരങ്ങളും ,
തൂവെള്ളി കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി
ലാണെന്റെ വിദ്യാലയം

ഇന്നലെ കണ്ണീർ വാർത്തു
കരഞ്ഞീടിന വാനം
ഇന്നിതാ ചിരിക്കുന്നു ,
പാലൊളി ചിതറുന്നു .

മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറുണ്ട്

അച്ചെറു പൂന്തോപ്പിലെ
പനിനിരുരക്കുന്നു
മധുവിൻ മത്താൻ പാറി
മൂളുന്നു മധുപദങ്ങൾ

മധുരമീജ്ജീവിതം
ചെറുതാണെങ്കിലും
ആരെല്ലൻ ഗുരുനാഥരാരെല്ലൻ
ഗുരുനാഥൻ?
പാരിതിലെല്ലാമെന്നെപഠിപ്പിക്കുന്നുണ്ടെന്തോ!

# ഭൂമി

ഭൂമിയും മനുഷ്യനും പരസ്പരം ബന്ധപെട്ടിരിക്കുന്ന രണ്ട് യാഥർത്ഥ്യങ്ങളാണ്.ഭൂമിയുടെ ഒരു ഭാഗമാണ് മനുഷ്യ ൻ.ഭൂമിക്കും പ്രപഞ്ചത്തിനും അതിൻ ദൈവികമായ ഒരു തലമുണ്ട്. പരസ്പരാശ്രയമില്ലാത്ത സൃഷ്ടികൾക്ക് നിലനിൽപ്പില്ല.എല്ലാവർക്കുമായി ദൈവം ദാനം ചെയ്ത ഭൂമിയെയും പ്രകൃതിയെയും ചിലർ തന്നിഷ്ടത്തോടെ വിനിയോഗിക്കുമ്പോൾ സ്രിഷ്ടാവു നിശ്ചയിച്ച ഭൂമിക്ക് താളം ഇല്ലാതാവുകയാണ്.നാം വസിക്കുന്ന ഭൂമി ഇന്ന്പലതരത്തിൽ ചൂഷണം ചെയ്യപെടുന്നു.വനനശീകരണം ജലസ്രോതസ്സുകളുടെ മലിനികരണം പല ജീവജാലങ്ങളുടെ വംശനാശത്തിനു കാരണമാവുന്നു.രാസവസ്തുക്കളുടെ അമിതവും അശാസ്ത്രവുമായ ഉപയോഗം ജീവന്റെ നിലനിൽപ്പിന് ഭീഷണിയായി മാറുന്നു.ഇന്ന് മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുകയാണ്.ചപ്പും ചവറും മറ്റു സാധനങ്ങൾ കൊണ്ട് പ്രകൃതിയെ നശപ്പിക്കുന്നു പൂത്തുലഞ്ഞ് നിൽക്കുന്ന മരങ്ങളും പഴങ്ങൾ കായിച്ചുനിൽക്കുന്ന മരങ്ങളും ഇന്ന് മനുഷ്യൻ വെട്ടി നശിപ്പിക്കുന്നു.പുഴകളെയും തോടുകളെയും മനുഷ്യൻ ചവർ കൂമ്പാരങ്ങളായി നിറക്കുന്നു.ഇന്ന് പ്രകൃതി ദുരന്തങ്ങൾക്ക് മനുഷ്യൻ കാരണമാകുന്നു.സ്വാഭാവിക ആവാസവ്യവസ്ഥയും പ്രകൃതിവിഭവങ്ങളും ഇനിയും ജനിക്കാനിരിക്കുന്നവരുൾപ്പടെ പ്രപഞ്ചത്തിന്റെയും മനുഷ്യവംശത്തിന്റെയും മുഴുവൻ പൈതൃകവും അവശ്യവുമാണ്.നമ്മുടെ നേട്ടങ്ങൾ മറ്റുളളവരുടെ നന്മയക്കുവേണ്ടി മാത്രമേ ഉപയോഗിക്കാവു.ആരാണ് നമ്മുടെ അമ്മ എന്ന് ചോദിച്ചാൽ ഭൂമിയാണ് നമ്മുടെ അമ്മ.മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ എല്ലാ സാഹചര്യങ്ങളും പ്രകൃതി ഒരുക്കി കൊടുക്കുന്നു.അതു പോലെ പ്രകൃതിയുടെ നിലനിൽപ്പിനും നമ്മൾ സഹായിക്കണം.മനുഷ്യൻ ഭൂമിയോട് ചെയ്യുന്ന ക്രൂരതകൾ അത് വളരെ തെറ്റാണ്.പ്രകൃതി നമ്മുക്ക് ധാരാളം വെള്ളം തരുന്നുണ്ട് അതു നാം പാഴാക്കുന്നു.പ്രകൃതി നമ്മുക്ക് ധാരാളം പഴങ്ങൾ തരുന്നുണ്ട് അതിൽ നാം രാസവസ്തുക്കൾ കുത്തിവെക്കുന്നു.പ്രകൃതി നമ്മുടെ അമ്മയാണ്.അവരെ നമ്മൾ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം പ്രകൃതിയെ നമ്മുക്ക് സഹായിക്കാം.അതിനു നമ്മുക്ക് പരിശ്രമിക്കാം.



# സുന്ദരിയായ കാക്ക

പണ്ട് പണ്ട് കാട്ടിൽ ഒരു കാക്ക ഉണ്ടായിരുന്നു.ഒരു ദിവസം കാക്ക കൊക്കിനോട് പറയുകയാണ് ഈ ലോകത്ത് ഏറ്റവും ഭംഗിയുള്ള പക്ഷി നിയാണ്.ശരിയല്ലേ?അതെ നി പറഞ്ഞത് സത്യം തന്നെയാണ്.ഞാൻ സുന്ദരിയാണ്.

# അമ്മ

മക്കളായ് നാലുപേരുണ്ടെങ്കിലും
അമ്മ ഏകയാണേകയാണീ ഊഴിയിൽ
അച്ഛൻ മറഞ്ഞൊരുക്കാലം മുതൽക്കമ്മ
ഭാരമായ് തീർന്നുവോനാലുപേർക്കും?
നാഴൂരിമണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായ് പിരിഞ്ഞു പോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്നത്തിരി കൺതുറന്നതില്ല
ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം പെരുക്കിച്ചിതയെരിച്ചു
ദുശ്ശകുനം പോലെ അമ്മയെക്കണ്ടൊരാ
മക്കൾ നാടന്നു മറയുന്നതും നോക്കി
നെഞ്ചുപൊളിഞ്ഞമ്മ നിറിനിന്നു

ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ

പേരിക്കടാവോടി വന്ന നേരം

ശാസിച്ചു നിരത്തി മരുമകളെങ്കിലും

മുത്തശ്ശിക്കൊപ്പമൊണോടിയെത്താൻ

കൈ നിട്ടി നിന്നു കരഞ്ഞുനിൽക്കെ

അന്യയായമ്മൂമ്മനൊന്തു നിൽക്കെ

വിങ്ങിനുറുങ്ങിയോ കുഞ്ഞിൻമനം

നിർമലർ ബാല്യമേനിന്നിൽ

പകനട്ടൊരച്ഛനും അമ്മയും എന്തുനേടി

മക്കളെ ഓർക്കുക തീരാത്ത ദുരിതമായ്

നിങ്ങളെ ചൂഴുന്ന താപമായ്

തീരുമീ മാതൃശാപം

ആരോ വിലയിട്ടൊരാനാലുകെട്ടിന്റെ

നോവുപോലമ്മ പകച്ചു നിന്നു

പോകാനിടമില്ലയെന്നൊരു ദുഖമല്ലമ്മതൻ

നെഞ്ചിൽ തിളച്ചതപ്പോൾ

മഴയിലും പൊള്ളുന്ന പകലിലും മക്കൾക്കായ്

ഓടിതളർന്നൊരു അച്ഛന്റെ രൂപമാണമ്മയെ

വന്നു പൊതിഞ്ഞതപ്പോൾ

അച്ഛനുണ്ടായിരുന്നെങ്കിലെന്നായമ്മ

ഉള്ളം തപിച്ചു കൊതിച്ചുപോയി

അച്ഛൻ മറഞ്ഞതിൽ പിന്നെയീയമ്മയെ

എന്തേ കിടങ്ങൾ മറന്നുപോയി

നേരമില്ലമ്മയെ നോക്കുവാനെന്നെല്ലാ

മക്കളുമോന്നായ് പറഞ്ഞെങ്കിലും

നാൽവരിലാരെങ്കിലും വന്നു

കൈപിടിച്ചൊപ്പം

നടക്കുമെന്നാശിച്ചുപോയ്

ആശകൾ പിന്നെയും ബാക്കിയാക്കി

പാതിവഴിയിൽ മറഞ്ഞൊരാ

അച്ഛന്റെ ഓർമ്മയിലമ്മ പിടഞ്ഞു വീഴെ

കൈ പിടിച്ചാരോ നടത്തി ആ അമ്മയെ

ശരണാലയത്തിൻ കപാടം വരെ

ഏകയായ് നിർന്നാരീ അമ്മതൻ നെഞ്ചിലെ

തീയൊന്നണയുവാൻ

ഒരു വട്ടമെങ്കിലും പോരുമോ മക്കളെ

ഈ വഴിയേ

പ്രതിക്രിയയായ് വന്നു കൂട്ടിയാലും

തീരുമോ മക്കളെ നിങ്ങളെ പോറ്റിയ

പെറ്റ വയറിന്റെ തീരാക്കടം ???

പെറ്റ വയറിന്റെ തീരാക്കടം ???


THANK
YOU